**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **08-10-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം വൈദ്യുത നിലയവുമായുള്ള എൻ.ടി.പി.സിയുടെ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം വൈദ്യുത നിലയം കമ്മീഷൻ ചെയ്തപ്പോൾ നാഷണൽ തെർമൽ പവർ കോർപ്പറേഷൻ സംസ്ഥാനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്, NTPC യുമായി KSEBL കരാറിൽ ഏർപ്പെട്ടത് 06.01.1995- നാണ്. കരാർ പ്രകാരം നിലയം പ്രവർത്തനം തുടങ്ങി 5 വർഷത്തേക്കാണ് കാലാവധി ഉള്ളത്. എന്നാൽ കാലാവധി കഴിയുന്ന മുറക്ക് ഇരു കക്ഷികൾക്കും പരസ്പര ധാരണ ഉണ്ടെങ്കിൽ പ്രസ്തുത കരാർ നീട്ടാനോ പുതുക്കാനോ പുതിയ കരാറിൽ ഏർപ്പെടാനോ ഉള്ള വ്യവസ്ഥ ഉണ്ട്. ഇതിൻ പ്രകാരം 28.02.2025 വരെ കരാർ പുതുക്കിയിട്ടുണ്ട്. വിവിധ ഇന്ധനങ്ങൾ (Naphtha, RLNG, Natural Gas) മുതലായ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിലയം പ്രവർത്തിപ്പിക്കാനുള്ള സാധ്യതകൾ NTPC KSEBL യുടെ സമ്മതത്തോടെ പരിശോധിക്കണമെന്ന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത കരാർ ഒപ്പുവെച്ചതെന്നാണ് ; കരാർ കാലാവധി എത്ര വർഷമാണ് ; ദ്രവീകൃത പ്രകൃതിവാതകം ഉൾപ്പെടെയുള്ള ബദൽ ഇന്ധനങ്ങളിലേക്ക് മാറണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്, NTPC യുമായി KSEBL കരാറിൽ ഏർപ്പെട്ടത് 06.01.1995- നാണ്. കരാർ പ്രകാരം നിലയം പ്രവർത്തനം തുടങ്ങി 5 വർഷത്തേക്കാണ് കാലാവധി ഉള്ളത്. എന്നാൽ കാലാവധി കഴിയുന്ന മുറക്ക് ഇരു കക്ഷികൾക്കും പരസ്പര ധാരണ ഉണ്ടെങ്കിൽ പ്രസ്തുത കരാർ നീട്ടാനോ പുതുക്കാനോ പുതിയ കരാറിൽ ഏർപ്പെടാനോ ഉള്ള വ്യവസ്ഥ ഉണ്ട്. ഇതിൻ പ്രകാരം 28.02.2025 വരെ കരാർ പുതുക്കിയിട്ടുണ്ട്. വിവിധ ഇന്ധനങ്ങൾ (Naphtha, RLNG, Natural Gas) മുതലായ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിലയം പ്രവർത്തിപ്പിക്കാനുള്ള സാധ്യതകൾ NTPC KSEBL യുടെ സമ്മതത്തോടെ പരിശോധിക്കണമെന്ന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . |
| (സി) | കരാർ വ്യവസ്ഥ പ്രകാരം നാളിതുവരെ എത്ര രൂപയാണ് ഫിക്സഡ് ചാർജിനത്തിൽ നാഷണൽ | (സി) | കരാർ പ്രകാരം 2024 ആഗസ്റ്റ് വരെ ഫിക്സഡ് ചാർജ് ഇനത്തിൽ 4481.66 കോടി രൂപ NTPC ക്ക |

| | | | |
|---|---|---|---|
| | തെർമൽ പവർ കോർപ്പറേഷന് അടച്ചിട്ടുള്ളതെന്നും, കരാറിൽ ഇപ്രകാരം ഫിക്സഡ് ചാർജ് വ്യവസ്ഥ ചെയ്യാനിടയായ സാഹചര്യം എന്താണെന്നും വിശദമാക്കാമോ; | | നൽകിയിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (CERC) താരിഫ് ഓർഡർ പ്രകാരം നിശ്ചയിച്ച തുകയാണ് ഫിക്സഡ് ചാർജ് ആയി നൽകുന്നത്. ഒരു വൈദ്യുതി നിലയം സ്ഥാപിക്കാൻ ആവശ്യമായി വരുന്ന മൂലധന ചിലവുകളുടെ പലിശ സഹിതമുള്ള തിരിച്ചടവ്, പ്രവർത്തന മൂലധനത്തിന്റെ പലിശ, ലാഭവിഹിതം, തേയ്മാനച്ചിലവ്, പ്രവർത്തന പരിപാലന ചെലവ് എന്നിവയാണ് ഫിക്സഡ് കോസ്റ്റ് നിശ്ചയിക്കുന്നതിൽ CERC പരിഗണിക്കുന്നത്. ഇത് ദീർഘ/മധ്യ കാലത്തേക്കുള്ള താപ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കരാറുകൾക്കു ബാധകമാണ് . |
| (ഡി) | സംസ്ഥാനം നാളിതുവരെ കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയിട്ടുള്ളത് എന്ന് വർഷവും ,വൈദ്യുതി നിരക്കും തിരിച്ച് വിശദമാക്കുമോ; | (ഡി) | കായംകുളം നിലയത്തിൽ നിന്നും ഇതുവരെ വാങ്ങിയ വൈദ്യുതിയുടെ വിശദ വിവരങ്ങൾ **അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ഇ) | എൻ.ടി.പി.സി യുമായി നിലവിലുള്ള കരാർ അവസാനിക്കുന്നത് എന്നാണ് ; പ്രസ്തുത കരാർ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഫിക്സഡ് ചാർജിനത്തിലോ മറ്റേതെങ്കിലും ചാർജുകൾ ആയോ സംസ്ഥാനം എത്ര തുകയാണ് കൊടുക്കേണ്ടി വരുന്നത് ; വ്യക്തമാക്കാമോ; | (ഇ) | NTPC യുമായി നിലവിലുള്ള കരാർ 28.02.2025 ആണ് അവസാനിക്കുന്നത്. കരാർ പുതുക്കണം എന്ന് NTPC ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ വിലകൂടിയ ഈ വൈദ്യുതി ഉപയോഗിക്കാതെ പ്രതിവർഷം 100 കോടി രൂപ ഫിക്സഡ് ചാർജ് നല്കുന്നുണ്ട്. കരാർ പുതുക്കിയില്ലെങ്കിൽ ഈ തുക നൽകേണ്ടി വരില്ല. എന്നാൽ കരാർ പുതുക്കിയി ല്ലെങ്കിൽ നിലവിൽ താൽച്ചർ താപ നിലയത്തിൽ നിന്നും കുറഞ്ഞ വിലയിൽ ലഭ്യമാവുന്ന 180 മെഗാവാട്ട് അധിക വൈദ്യുതി വിഹിതം നിർത്തലാക്കും എന്നുകൂടി NTPC അറിയിച്ചിട്ടുണ്ട്. ഇതിന്റെ കൂടി പശ്ചാത്തലത്തിൽ KSEBL NTPC യുടെ ആവശ്യം അതിന്റെ സാമ്പത്തിക സാങ്കേതിക വശങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ടുള്ള വിശദ വിലയിരുത്തൽ നടത്തിവരികയാണ്. |
| (എഫ്) | കരാർ പുതുക്കാതിരിക്കുന്നത് മൂലം സംസ്ഥാനത്തിന് ഉണ്ടായേക്കാവുന്ന നേട്ടങ്ങളോ കോട്ടങ്ങളോ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എഫ്) | NTPC യുമായി നിലവിലുള്ള കരാർ 28.02.2025 ആണ് അവസാനിക്കുന്നത്. കരാർ പുതുക്കണം എന്ന് NTPC ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ വിലകൂടിയ ഈ വൈദ്യുതി ഉപയോഗിക്കാതെ പ്രതിവർഷം 100 കോടി രൂപ ഫിക്സഡ് ചാർജ് നല്കുന്നുണ്ട്. കരാർ പുതുക്കിയില്ലെങ്കിൽ ഈ തുക നൽകേണ്ടി വരില്ല. എന്നാൽ കരാർ പുതുക്കിയി ല്ലെങ്കിൽ നിലവിൽ താൽച്ചർ താപ നിലയത്തിൽ നിന്നും കുറഞ്ഞ വിലയിൽ ലഭ്യമാവുന്ന 180 മെഗാവാട്ട് അധിക വൈദ്യുതി വിഹിതം നിർത്തലാക്കും എന്നുകൂടി NTPC അറിയിച്ചിട്ടുണ്ട്. ഇതിന്റെ കൂടി പശ്ചാത്തലത്തിൽ KSEBL NTPC യുടെ ആവശ്യം അതിന്റെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സാങ്കേതിക വശങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ടുള്ള വിശദ വിലയിരുത്തൽ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | വാങ്ങിയ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ | യൂണിറ്റൊന്നിനുള്ള ശരാശരി ഫിക്സഡ് ചാർജ് രൂപയിൽ | യൂണിറ്റൊന്നിനുള്ള ശരാശരി എനർജി ചാർജ് രൂപയിൽ | | | |
|---|---|---|---|---|---|---|
| 1998-99 (from 1.1.99) | 243.169 | 2.55 | 2.38 | | | |
| 1999-00 | 1171.680 | 1.11 | 3.22 | | | |
| 2000-01 | 1904.380 | 1.22 | 3.00 | | | |
| 2001-02 | 1280.138 | 1.69 | 2.69 | | | |
| 2002-03 | 1857.534 | 1.17 | 2.69 | | | |
| 2003-04 | 1034.750 | 1.23 | 2.64 | | | |
| 2004-05 | 54.250 | 20.94 | 3.17 | | | |
| 2005-06 | 0.000 | | | വൈദ്യുതി വാങ്ങിയിട്ടില്ല | | |
| 2006-07 | 0.000 | | | | | |
| 2007-08 | 453.280 | 2.24 | 7.64 | | | |
| 2008-09 | 949.490 | 1.00 | 6.71 | | | |
| 2009-10 | 1153.900 | 2.25 | 6.49 | | | |
| 2010-11 | 1008.230 | 2.56 | 7.71 | | | |
| 2011-12 | 486.360 | 5.30 | 7.23 | | | |
| 2012-13 | 1517.591 | 1.42 | 11.36 | | | |
| 2013-14 | 947.152 | 2.33 | 12.13 | | | |
| 2014-15 | 798.811 | 3.56 | 12.22 | | | |
| 2016-17 | 14.929 | 138.74 | 7.31 | വൈദ്യുതി schedule ചെയ്താലും ഇല്ലെങ്കിലും ഫിക്സഡ് ചാർജ് നൽകേണ്ടതിനാൽ വാങ്ങിയ വൈദ്യുതി കുറഞ്ഞാൽ യൂണിറ്റ് ചാർജ് കണക്കാക്കുമ്പോൾ ശരാശരിയേക്കാൾ ഉയർന്ന തുക വരുന്നുണ്ട് ) | | |
| 2017-18 | 4.048 | 511.71 | 7.42 | | | |
| 2018-19 | 0.000 | | | വൈദ്യുതി വാങ്ങിയിട്ടില്ല | | |
| 2019-20 | 0.000 | | | | | |
| 2020-21 | 98.289 | 10.17 | 6.71 | | | |
| 2021-22 | 0.000 | | | വൈദ്യുതി വാങ്ങിയിട്ടില്ല | | |
| 2022-23 | 0.000 | | | | | |
| 2023-24 | 0.000 | | | | | |
| 2024-25 upto 8/24 | 0.000 | | | | | |

**സെക്ഷൻ ഓഫീസർ.**